ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ ഹൃദയ ശസ്ത്ര ക്രിയയ്ക്ക് ആശുപത്രി വികസന സൊസൈറ്റി ഫീസ് ഈടാക്കുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള വിവരം അനുബന്ധം I-ആയി ചേർക്കുന്നു. †

(സി) മറ്റു പ്രധാനപ്പെട്ട ഓപ്പറേഷനുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) 27/94/ആ.കു.വ., തീയതി 8-2-1994 (അനുബന്ധം II) പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്.

(ഡി) സൗജന്യമായി ചെയ്തുകൊടുക്കാറുണ്ട്.

(ഇ) നിലവിൽ ഇത്തരമൊരു നിർദ്ദേശവും പരിഗണനയിലില്ല.

മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക

62 [5925] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുകയിൽനിന്നും 2002-03, 2003-04 എന്നീ വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചു;

(ബി) കഴിഞ്ഞ വർഷം ഉപകരണങ്ങൾ വാങ്ങുന്നതിന് എന്ത് തുകയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്; ആയതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് പറയാമോ?

ഉത്തരം

(എ, ബി) 2002-03 വർഷത്തിൽ 1.50 കോടി രൂപയും 2003-04 വർഷത്തിൽ 1.42 കോടി രൂപയുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇതിൽ വിവിധതരം യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ നടപടി ക്രമങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ ഈ തുക ഇതിനുവേണ്ടി ചെലവഴിക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഫാർമസി കോളേജിലെ ഒഴിവുകൾ നികത്താൻ നടപടി

63 [5927] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഐ. സി. ടി. ഇ. നിബന്ധന പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഫാർമസി കോളേജിൽ ഏതൊക്കെ വിഭാഗങ്ങളിൽ എത്ര തസ്തികകളാണ് ആവശ്യമായിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly